# മണം

കെ. ടി. ബാബുരാജ്



മണം

കെ. ടി. ബാബുരാജ്
(മലയാളം: ചെറുകഥ)

© 2023, K. T. Baburaj

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Baby (Cradle), a painting by Gustav Klimt (1862–1918). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# മണം

“ഇത് കുന്നോളമുണ്ടല്ലോ?”

കിടപ്പുമുറിയിലേക്ക് കടന്നു വന്ന അയാൾ ചോദിച്ചു.

രണ്ടലമാരയിലേയും പഴയ തുണികളൊക്കെ വാരി കിടക്കയിലിട്ടിരിക്കുകയായിരുന്നു അവൾ. കുന്നിന് കീഴെ വിഷണ്ണയായി താടിക്ക് കൈയ്യും കൊടുത്തിരിക്കുകയാണ്.

“ഒന്നെന്നെ സഹായിക്കുമോ... വേണ്ടതും വേണ്ടാത്തതും മാറ്റിവെക്കാൻ”

“ഓ ഇനി മാറ്റിവെക്കാനൊന്നും നിക്കണ്ട. മുഴുവനും ആർക്കെങ്കിലും കൊടുത്തേക്ക്. അല്ലെങ്കിലങ്ങ് കത്തിക്കാം” അപ്പോൾ രൂക്ഷമായി അവൾ അയാളെ നോക്കി.

“പറ്റുമെങ്കില് ചെയ്യ്. അല്ലെങ്കില് പോ... ഇതെനിക്ക് ഒറ്റക്ക് കഴിയാത്ത പണിയൊന്നുമല്ല.” അയാൾ കുന്നിന് മറുവശത്ത് മുഖാമുഖമായി കട്ടിലിലിരുന്നു.

കിടപ്പുമുറിയിൽ രണ്ട് പഴയ അലമാരകളാണുണ്ടായിരുന്നത്. അതിലാണ് നാലു പേരുടെ വസ്ത്രങ്ങളൊക്കെയും. പഴയതും പുതിയതും ഇപ്പോൾ ഇട്ടുകൊണ്ടിരിക്കുന്നതുമെല്ലാം. ഇടയ്ക്കിടെ പൂങ്കോത അമ്മാ എന്ന് വിളിച്ചും കൊണ്ട് വായ മുഴുവൻ മുറുക്കിച്ചുവപ്പിച്ചു വരും. ഊരിലേക്ക് പോകുന്നതിന്റെ തൊട്ടുമുമ്പാണ് വരവ്. ദീപാവലിക്കോ പൊങ്കലിനോ തൊട്ടുമുമ്പ്. നാലഞ്ച് സാരി പൊതിഞ്ഞു കെട്ടി അവൾ പൂങ്കോതയ്ക്ക് കൊടുക്കും. “ഇവ്ടത്തെ സേട്ടന്റെ പേന്റും ഷർട്ടും എന്റെ മൂത്ത മകന് സൈസ് കറക്ട്” എന്നും പറഞ്ഞ് പൂങ്കോത അടുത്ത നടപടിക്ക് കാത്തുനിൽക്കും. അവൾ അകത്തുചെന്ന് അയാളോട് പറയും: “നിങ്ങളിടാത്ത ആ മഞ്ഞ ഷർട്ട്, അര ടൈറ്റായപേന്റ്... അതാ കോതക്ക് കൊടുക്കട്ടെ...?”

പതിവുപോലെ അയാളവളെ രൂക്ഷമായി നോക്കും. എന്നിട്ട് കനം കുറച്ച് പറയും: “എടീ... ഒരാൾക്ക് കൊടുക്കുമ്പോൾ നല്ലത് കൊടുക്കണം. അല്ലാതെ കൊറേക്കാലം ഉടുത്ത് തേഞ്ഞതല്ല”

“എന്നാ നിങ്ങളെല്ലാം അങ്ങ് പുഴുങ്ങി തിന്ന്. അല്ലേത്തന്നെ അലമാരേല് ഒരിഞ്ച് സ്ഥലം ബാക്കീല്ല. ഒന്നൊഴിവാകട്ടന്ന് വിചാരിക്കുമ്പോ...”

പതിവുപോലെ അയാൾ നിശ്ശബ്ദനാവും.

“നീയെന്തെങ്കിലുമാക്ക്...” എന്നും പറഞ്ഞ് ഏതെങ്കിലും പുസ്തകത്തിൽ മുഖം മറക്കും.

“ഇത് പുതിയതാണ്. കഴിഞ്ഞ വിഷൂന് വാങ്ങിച്ചത്. ഇത് ഞാൻ ഒറ്റത്തവണയേ ഉടുത്തിട്ടുള്ളൂ വില കൂടിയതാണ് കേട്ടാ. ഈ പട്ടുസാരീടെ കോന്തലയ്ക്ക് കൊറച്ച് ചായമിളകീന്നേ ഉള്ളൂ. നിനക്കുടുത്താൽ നല്ല രസമായിരിക്കും. അതിന്റെ ബ്ലൗസുണ്ടോന്നു നോക്കട്ടെ” എന്നിങ്ങനെ കൊടുക്കുന്ന സാധനത്തിന്റെ മഹത്വം വിളമ്പുമ്പോൾ” ആമാ ആമയെന്ന് പൂങ്കോത തലയിളക്കിക്കൊണ്ടിരിക്കും. അവൾ കൊടുത്ത സാരികളിൽ ഏതെങ്കിലും ഒന്നു പോലും പൂങ്കോത ഒരിക്കലെങ്കിലും ഉടുത്തതായി കണ്ടിട്ടില്ല. അതെന്തുകൊണ്ടാണെന്ന് അവൾ തന്നെ ഒരിക്കൽ പൂങ്കോതയോട് ചോദിക്കുന്നതും കേട്ടു.

“അത് ചേച്ചീ... എന്റെ സേട്ടന്റെ മോള് സുന്ദരി. നല്ല പഠിപ്പുള്ളവള്. അവർക്ക് കൊടുക്കും. പിന്നെ...”

ഊരിൽ പോയി വരുമ്പോളൊക്കെ ഒരു സഞ്ചി നിറയെ നിലക്കടല പൂങ്കോത അവൾക്ക് കൊണ്ടുകൊടുക്കും. ചിലപ്പോൾ പച്ച ചോളം. ഒന്നു രണ്ടു തവണ കടലമിഠായി. വിശേഷം പറഞ്ഞ് ചായേം കുടിച്ചങ്ങു പോവും. ആരെങ്കിലും എന്തെങ്കിലും കൊടുക്കുന്നത് അവൾക്കിഷ്ടമാണ്. ആർക്കെങ്കിലും എന്തെങ്കിലും കൊടുക്കുന്നതും.

പഴന്തുണികളുടെ കുന്നിൽ നിന്നും ഒരു കുട്ടിയുടുപ്പെടുത്ത് നീട്ടി അവള് ചോദിച്ചു.

“ഇദോർമ്മയ്ണ്ടാ...”

ഞാനവളുടെ കൈയിലെ കുഞ്ഞുടുപ്പിലേക്ക് നോക്കി എന്തോ ഓർത്തു.

“അമ്മൂന്റതോ അതോ അപ്പൂന്റതോ?”

“പതിനെട്ട് കൊല്ലായി. പറശ്ശിനീല് അമ്മൂസിന് ചോറൂണ് കൊടുക്കാൻ കൊണ്ടുപോയപ്പോൾ ഉടുപ്പിച്ചത്”. അതും പറഞ്ഞ് അവളാ കുഞ്ഞുടുപ്പ് മാറ്റിവെച്ചു.

“അമ്മു ഇന്ന് വിളിക്കില്ലേ...”

“ബുധനാഴ്ച, പെണ്ണ് വിളിക്കാണ്ട്... ഇന്ന് വീഡിയോ കാള് ചെയ്യുമ്പോ ഈ ഉടുപ്പ് കാണിച്ചു കൊടുത്തിട്ട് ഓർമ്മയുണ്ടോന്ന് ചോദിക്കണം. ചോറൂണ് നേരത്ത് മൂത്രമൊഴിച്ച് അലമ്പാക്കിയത് ഓർമ്മയുണ്ടോന്ന്”

“വേണ്ട വേണ്ട. റൂമില് വേറേം പിള്ളേരു് കാണും. അവർക്കെടേല് പെണ്ണിനെ നാറ്റിക്കണ്ട”

“ആട പെണ്ണിന് നാറ്റൂല്ല. ഈട അച്ഛനാ നാറ്റം”

അവൾ അടുത്ത ഉടുപ്പിലേക്കു കടന്നു. “ഇത് അപ്പൂന്റെ, ഇത് അമ്മൂസിന്റെ, ഇതെന്റെ, ഇത് നിങ്ങടെ...” എന്നും പറഞ്ഞ് അവൾ തുണികളൊന്നായി മാറ്റിവെക്കാൻ തുടങ്ങി. അയാളുടെ രണ്ടു മൂന്ന് ഷർട്ടും പേന്റ്സും എടുത്ത് മാറ്റിവെക്കുന്നതിനിടയിൽ പറഞ്ഞു “ഇത് ആ വെള്ളപ്പൊക്കന്നും ഭൂമികുലുക്കന്നും പറഞ്ഞു വരുന്നോർക്ക് കൊടുക്കാം”

“അതെന്താ നിന്റെ പൂങ്കോതയുടെ ചെക്കനത് പാകമാവാതായോ...?” അയാൾ ചോദിച്ചു.

“ഇല്ല. ഇല്ല... നിങ്ങടെ കുപ്പായൊന്നും ഞാനോക്ക് കൊടുക്കൂല. മോന് കൊടുക്കാനാണെന്നും പറഞ്ഞ് ഓള് വാങ്ങി കൊണ്ടുപോയ ആ ചോപ്പില് കറപ്പും വെളുപ്പും കള്ളിയുള്ള കുപ്പായമില്ലേ... അത് ഓള് ഈയിടെ റോഡുപണിക്കിട്ടിന്. ഞാൻ നേരിട്ട് കണ്ടതാ...”

“അതിനെന്താ നീ കൊടുത്തതല്ലേ”

“അതോളെ മോനല്ലേ... ഓളെന്തിനാ അതിട്ടേ...”

ഏതോ ഗൂഢഭാവത്തിൽ അവൾ മുഖം കുനിച്ചപ്പോൾ അയാളുടെ ഉള്ളിൽ ഒരു ചിരി പൊട്ടി. ഇരുപത്തിയഞ്ച് വർഷം പഴക്കമുള്ള ആകെ പിഞ്ഞിയ ഒരു കുപ്പായം അവളിപ്പോഴും രഹസ്യമായി സൂക്ഷിക്കുന്നുണ്ട്. ഒരിക്കൽ അയാളെടുത്ത് ദൂരെക്കളയാൻ ഒരുങ്ങിയതാണ്. അവൾ വിട്ടില്ല. അവളെ പെണ്ണുകാണാൻ ചെന്നപ്പോ ഇട്ട കുപ്പായമാണത്രേ. അതിലാണ് വീണുപോയതെന്ന്. വിവാഹശേഷം വളരെ കുറച്ചു നാളെ പിരിഞ്ഞിരുന്നിട്ടുള്ളൂ. അയാളില്ലാത്ത ദിവസങ്ങളിൽ ആ കുപ്പായവും മുഖത്തിട്ടാണത്രെ ഉറങ്ങിയിരുന്നത്.

“വട്ട്...”

അയാളത് അൽപ്പം ഉറക്കെയാണ് പറഞ്ഞത്.

“വട്ടന്നെ... ചിലവട്ട്കള് നല്ല സുഖമുള്ള വട്ട്കളാണ്. നിങ്ങളിങ്ങനെ കഥോന്നും പറഞ്ഞ് സങ്കൽപ്പിച്ചുണ്ടാക്കുന്നില്ലേ. അദെന്താ വട്ടല്ലേ...”

അയാളതിന് മറുപടിയൊന്നും പറഞ്ഞില്ല. അവളാവട്ടെ കൊടുത്ത് ഒഴിവാക്കാനുള്ള കൂട്ടത്തിൽ തുണികൾ പെറുക്കി അടുക്കി വെച്ചു കൊണ്ടിരുന്നു.

“ഈ ചെക്കനെത്രയാ പേന്റും ഷർട്ടും. പെണ്ണിനുപോലും ഇത്രേം ഡ്രസ്സെടുട്ത്തിട്ടില്ല. അല്ലേലും പെണ്ണ് നിങ്ങളെപ്പോലയാണല്ലോ. ഫാഷനൊന്നും ഇഷ്ടല്ലല്ലാ. മാലേം വളേം ഇടാത്ത പെമ്പിള്ളേര് കാണുമോ. അതോണ്ട് അച്ഛൻ രക്ഷപ്പെട്ട്. സ്വർണ്ണത്തിന് കാശ് കൊട്ക്കണ്ടല്ലാ...”

അയാൾ ആരോടെന്നില്ലാതെ ചിരിച്ചു.

“മോൾക്ക് വേണ്ടേല് അത് ഭാര്യക്ക് വാങ്ങി കൊട്ക്ക്വ. അതെങ്ങനെയാണ്. ഉള്ള പൊന്നും കൂടി കൊണ്ടുപോയെങ്ങനെ പണയം വെക്കാം എന്ന് ചിന്തിച്ച് നടക്കുകയല്ലേ ഓരോരുത്തർ.”

അയാൾക്ക് പെട്ടെന്ന് പണയം വെച്ച പൊന്നിന്റെ കാര്യങ്ങൾ ഓർമ്മ വന്നു. ബാങ്കിൽ നിന്നു വന്ന കടലാസുകൾ അട്ടിയട്ടിയായി കിടക്കുന്നുണ്ട്. വീടിന്റെ ലോണുണ്ട്, സ്വർണ്ണലോൺ രണ്ടോ മൂന്നോ ഉണ്ട്. വിളിച്ച കുറിയുടെ കടലാസ് വേറെയും.

“അവന് ഈ മാസം ശമ്പളം കിട്ടി തൊടങ്ങില്ലേ. കിട്ടിയ ഉടൻ പൈസ അയച്ചു തരാൻ നീ പറഞ്ഞിട്ടില്ലേ”

ചോദിച്ചതിന് മറുപടി പറയാതെ അവൾ പെട്ടെന്നൊരു ഉടുപ്പെടുത്തുയർത്തി. കാലുറയും കുപ്പായവും ഒന്നിച്ചു ചേർന്ന, നാട കൊണ്ട് ബന്ധിക്കുന്ന ഒന്ന്. പതുപതുത്ത വെൽവെറ്റിന്റെ സുഖമുള്ള ഒന്ന്.

“എന്നെക്കുറിച്ച് പണ്ടൊരു കഥയെഴ്തീട്ടില്ലേ. ആ കഥ ആകാശവാണീല് വായിച്ചപ്പോൾ കിട്ടിയ ചെക്ക് മാറീട്ട് വാങ്ങിച്ചത്. എനിക്കുമന്ന് ഒരു വെൽവെറ്റിന്റെ ബ്ലൗസെടുത്തു തന്നിരുന്നു. റെഡിമെയ്ഡ്”

“ഓ എനിക്കോർമ്മയില്ല”

“എങ്ങനെ ഓർമ്മയ്ണ്ടാവാനാ. ഇപ്പോ സേവ കുറച്ചധികമല്ലേ. സന്തോഷം വരുമ്പോ കുടി. സങ്കടം വരുമ്പോ കുടി. എന്റെ മുത്തപ്പാ ഇവറെ ഓർമ്മ മുഴുവനും അരിച്ചരിച്ചു പോയീന്നാ തോന്ന്ന്നത്”

ഇതപ്പൂസിന്റത്, ഇതമ്മൂസിന്റത് എന്നുരുവിട്ടു കൊണ്ട് അവൾ കുഞ്ഞുടുപ്പുകൾ ഓരോന്നായി അടുക്കി വെക്കാൻ തുടങ്ങി.

കട്ടിലിൽ നിറയെ പഴയ വസ്ത്രങ്ങളുടെ കൂനകൾ പ്രത്യക്ഷപ്പെട്ടു തുടങ്ങി.

“ഞാനിവിടെ ഒറ്റയ്ക്ക് കഷ്ടപ്പെടുന്നത് കണ്ടില്ലേ. നിങ്ങക്ക് എനിക്കൊരു കട്ടനിട്ടു തന്നൂടെ” അവൾ അയാളെ നോക്കി.

അവിടെ നിന്നും എഴുന്നേറ്റു പോവാനൊരു വഴി പരതുകയായിരുന്നു അയാളും. അവിടെത്തന്നെയിരുന്നാൽ പഴയ തുണിയുടെ മണമടിച്ച് തുമ്മാൻ തുടങ്ങും. അയാൾ പതുക്കെ എഴുന്നേറ്റു.

അടുക്കളയിലേക്കു നടക്കുന്നതിനിടയിൽ, ഈ വീട് കുറച്ച് വലിയ വീടായിപ്പോയി എന്ന തോന്നലയാൾക്കുണ്ടായി. ഇടനാഴിയിലൂടെ നടക്കുമ്പോൾ വല്ലാത്തൊരേകാന്തത വന്ന് കൈ പിടിച്ചു. അല്ലേലും രണ്ടു പേർക്ക് മുഖത്തോടു മുഖം നോക്കിയിരിക്കാൻ എന്തിനാണ് ഇത്ര വലിയ വീട്. നാട് വിട്ടു പോയ മക്കളൊന്നും തിരിച്ചു വരാൻ കൂട്ടാക്കാത്ത കാലമാണിത്. വീടവർക്ക് വല്ലപ്പോഴും സന്ദർശിക്കാനുള്ള ഒരിടം മാത്രമായി തീരുന്നതിനെ പറ്റി ഈയിടെ ആരോ എഴുതിയത് വായിച്ചതോർത്തു.

അവൾക്കിഷ്ടമുള്ള കടുപ്പത്തിൽ ചായ തിളക്കുമ്പോൾ കൊറിക്കാനെന്തെകിലുമുണ്ടോ എന്നയാൾ ഭരണി പരതി. അറിമുറുക്ക്, മിക്സ്ച്ചർ, കായ ഉപ്പേരി... മക്കൾക്കോ അതിഥികൾക്കോ വേണ്ടി തേങ്ങയും ശർക്കരയും ചേർത്ത് അവളിടയ്ക്കിടെ ഉണ്ടാക്കാറുള്ള ഉണ്ട... അങ്ങനെ എന്തൊക്കെയോ കൊണ്ട് ഭരണികൾ എപ്പോഴും നിറഞ്ഞിരിക്കുന്നതാണ് പതിവ്. അടുക്കളയിൽ കയറുമ്പോഴൊക്കെ മക്കൾ ഭരണി തുറക്കും. അവൾ കാണാതെ അയാളും.

ഡബ്ബകളൊക്കെ കാലിയായിരുന്നു. താനതൊക്കെ വാങ്ങിച്ചിട്ട് കുറച്ചായല്ലോ എന്ന് അയാൾക്ക് പെട്ടെന്നോർമ്മ വന്നു. അവൾ പറയുന്നതുപോലെ ഓർമ്മകൾ അലിഞ്ഞില്ലാതാവുകയാണോ.

രണ്ട് ഗ്ലാസ് ചായയുമായി കിടപ്പുമുറിയിലേക്കു കടക്കുമ്പോൾ ഭംഗിയായി അടുക്കി വെച്ച തുണികളൊക്കെയും അവൾ അലമാരയിൽ തന്നെ തിരിച്ചു വെക്കുകയായിരുന്നു.

“ഇതെന്താടോ. കൊടുത്തൊഴിവാക്കാമെന്നു പറഞ്ഞിട്ട് വീണ്ടും വാരി നിറക്കുകയാണോ...? നിന്റെയൊരു കാര്യം”

അയാൾ അവൾക്കു നേരെ ചായ ഗ്ലാസ് നീട്ടിക്കൊണ്ട് ചോദിച്ചു.

“ഇല്ല.”

ഒന്നും കൊടുക്കുന്നില്ല. ആർക്കും കൊടുക്കുന്നില്ല”

അതും പറഞ്ഞ് മുഖമുയർത്തിയപ്പോൾ അവളുടെ കണ്ണുകൾ നിറഞ്ഞിരിക്കുന്നതു കണ്ടു.

“എന്തു പറ്റി...?” അയാൾ ചോദിച്ചു.

“ഒന്നും കൊടുക്കുന്നില്ല. ആർക്കും കൊടുക്കുന്നില്ല”

ചായ ഊതിയൂതി കുടിക്കുന്നതിനിടയിൽ അയാളെ നോക്കാതെ അവൾ പറഞ്ഞു.

“അലമാര നിറയെ എന്തൊക്കെയോ മണങ്ങൾ... അത് ഞാൻ ആർക്കും കൊടുക്കില്ല.”

□

## കെ. ടി. ബാബുരാജ്



കണ്ണൂർ ജില്ലയിലെ വളപട്ടണത്ത് ജനനം. അച്ഛൻ കെ. നാരായണൻ, അമ്മ ടി. കാർത്യായനി. രാമവിലാസം എൽ. പി. സ്കൂൾ, വളപട്ടണം ഗവ: ഹൈ സ്കൂൾ, കണ്ണൂർ എസ്. എൻ. കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ്, മാനന്തവാടി ബി. എഡ് സെന്റർ എന്നിവിടങ്ങളിൽ വിദ്യാഭ്യാസം.

കണ്ണൂർ ആകാശവാണിയിൽ പ്രോഗ്രാം കോംപിയറായും, വിവിധ പ്രാദേശിക ചാനലുകളിൽ അവതാരകനായും പ്രവർത്തിച്ചിരുന്നു. കുറേക്കാലം സമാന്തര കോളേജുകളിൽ അധ്യാപകനായി. പ്രൊഫഷണൽ ഫോട്ടോഗ്രാഫറാണ്. അദൃശ്യനായ കോമാളി, തീ അണയുന്നില്ല, ബിനാമി, ഒരു ദീർഘദൂര ഓട്ടക്കാരന്റെ ജീവിതത്തിൽ നിന്നും, മായാ ജീവിതം, സമകാലം (കഥകൾ) സാമൂഹ്യപാഠം, മഴനനഞ്ഞ ശലഭം, പുളിമധുരം, ഭൂതത്താൻ കുന്നിൽ പൂ പറിക്കാൻ പോയ കുട്ടികൾ (ബാലസാഹിത്യം ) ജീവിതത്തോടു ചേർത്തുവെച്ച ചില കാര്യങ്ങൾ (അനുഭവം, ഓർമ്മ) ദൈവമുഖങ്ങൾ (നാടകം) ‘Ammu and the butterfly’ എന്ന പേരിൽ മഴനനഞ്ഞ ശലഭം ഇംഗ്ലീഷിലേക്ക് മൊഴിമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. അബുദാബി ശക്തി അവാർഡ് (1992) ഭാഷാ പുരസ്കാരം (2003) പി. ടി. ഭാസ്കര പണിക്കർ അവാർഡ് (2014) ഭീമ രജത ജൂബിലി പ്രത്യേക പുരസ്കാരം (2015 ) സാഹിത്യ അക്കാദമി അവാർഡ് (2018) പ്രാദേശിക ദൃശ്യമാധ്യമ പുരസ്കാരം, കേരള സ്റ്റേറ്റ് ബയോഡൈവേർസിറ്റി ബോർഡിന്റെ ഫോട്ടോഗ്രാഫി അവാർഡ് (2017) കണ്ണാടി സാഹിത്യ പുരസ്കാരം (2019) പ്രൊഫ. കേശവൻ വെള്ളിക്കുളങ്ങര ബാല ശാസ്ത്രസാഹിത്യ അവാർഡ് (2019) എന്നിവ ലഭിച്ചിട്ടുണ്ട്. കേരള ഫോക് ലോർ അക്കാദമിയുടെ ഡോക്യുമെന്ററി പുരസ്കാരം (2020). സമഗ്ര സംഭാവനയ്ക്കുള്ള സതീർത്ഥ്യ പുരസ്കാരം (2020). കേരള സർക്കാർ പബ്ലിക്ക് റിലേഷൻ വകുപ്പിന്റെ മിഴിവ്-2021 ഷോർട്ട് ഫിലിം അവാർഡ് എന്നിവയും ലഭിച്ചിട്ടുണ്ട്. ഷോർട്ട് ഫിലിം ഡോക്യുമെന്ററി വിഭാഗങ്ങളിലായി പതിനഞ്ചിലേറെ സിനിമകൾ ചെയ്തിട്ടുണ്ട്.

ഭാര്യ: നിഷ, മക്കൾ: വൈഷ്ണവ്, നന്ദന

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014